# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ :1069

05.03.2018-ൽ
മറുപടിയ്ക്ക്

## ടെക്നിക്കൽ ഹൈസ്കൂളിൽ കായികാധ്യാപകരുടെ നിയമനം

*ചോദ്യം*
ശ്രീ. എൻ .എ.നെല്ലിക്കുന്ന്

*ഉത്തരം*
പ്രൊഫ.സി.രവീന്ദ്രനാഥ്
(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാന സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ടെക്നിക്കൽ ഹൈസ്കൂളുകളിൽ കായികാധ്യാപകരുടെ നിയമനം ഉണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | ടെക്നിക്കൽ ഹൈസ്കൂളുകളിൽ കായികാധ്യാപകരുടെ തസ്തിക അനുവദിച്ചിട്ടില്ല. |
| (ബി) | ഇല്ലെങ്കിൽ അതിനുള്ള കാരണ-മെന്താണെന്ന് വ്യക്തമാക്കാമോ; | (ബി) | ടെക്നിക്കൽ ഹൈസ്കൂളുകളിലെ പാഠ്യപദ്ധതിയിൽ കായിക വിദ്യാഭ്യാസം ഉൾപ്പെടുത്തിയിട്ടില്ല. |
| (സി) | കായിക അധ്യാപകരില്ലാത്തത് കാരണം ടെക്നിക്കൽ ഹൈസ്കൂളുകളിൽ പഠനം നടത്തുന്ന പല കായിക പ്രതിഭകളുടെയും ഭാവിയിലെ നല്ല അവസരങ്ങൾ നഷ്ടമാകുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കാമോ?; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | ടെക്നിക്കൽ സ്കൂളുകളിൽ കായികോപകരണങ്ങൾ വാങ്ങാൻ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് പണം അനുവദിക്കാറുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ഡി) | സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ നിന്നും പണം അനുവദിക്കാറുണ്ട്. |
| (ഇ) | ടെക്നിക്കൽ സ്കൂളുകളിൽ കായിക അധ്യാപകരെ നിയമിക്കാൻ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (ഇ) | ടെക്നിക്കൽ സ്കൂളുകളിൽ കായിക അധ്യാപക തസ്തിക അനുവദിച്ചിട്ടില്ലാത്തതിനാൽ അധ്യാപകരെ നിയമിക്കാൻ കഴിയില്ല. |

സെക്ഷൻ ഓഫീസർ